പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2073 26.03.2013 -ൽ മറുപടിക്ക്

തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ബസ്സ് സർവ്വീസ് ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് തിരൂരിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏത് വഴിയാണ് സർവ്വീസ് നടത്തുന്നത് എന്ന് വിശദമാക്കാമോ; | (എ) | അനുവദിച്ചിട്ടില്ല. |
| (ബി) | നോട്ടിഫൈഡ് റൂട്ടായ കുന്ദംകുളം, ആൽത്തറ പുത്തൻപള്ളിവഴി തിരൂരിലേയ്ക്ക് എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട്; | (ബി) | മലപ്പുറം, പൊന്നാനി, ഗുരുവായൂർ എന്നീ യൂണിറ്റുകളിൽ നിന്നും ഓരോ സർവ്വീസ് കുണ്ടുകടവ്-ആൽത്തറ-പുത്തൻപ്പള്ളി വഴി തിരൂരിലേക്ക് നടത്തുന്നുണ്ട്. |
| (സി) | നോട്ടിഫൈഡ് റൂട്ടായ കുണ്ടുകടവ് ആൽത്തറ റൂട്ടിൽ ടൗൺ ടു ടൗൺ, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് അനുവദിച്ച ഫെയർസ്റ്റേജിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടൗൺ ടു ടൗൺ, ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് അടുത്തടുത്ത് ഫെയർസ്റ്റേജുകളും, സ്റ്റോപ്പുകളും അനുവദിക്കുന്നത് ഈ സർവ്വീസുകളുടെ വിശ്വസനീയതയും, സ്വീകാര്യതയും നഷ്ടപ്പെടുവാൻ ഇടയാക്കുമെന്ന് കരുതുന്നു. |
| (ഡി) | ടി.ടി. സർവ്വീസുകൾക്ക് കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ അടുത്ത സ്റ്റേജ് 12 കി.മീ. ദൂരെയുള്ള പുത്തൻപ്പള്ളി ആയതിനാൽ യാത്രക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ കുണ്ടുകടവ് ജംഗ്ഷൻ കഴിഞ്ഞാൽ അത്താണി, മാറ ഞ്ചേരി, എരമംഗലം എന്നീ പുതിയ ഫെയർ സ്റ്റേജുകൾ അനുവദിക്കു ന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പരാതി ലഭ്യമായാൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ